(ബി) സംസ്ഥാന ഗവൺമെന്റ് ഈ ഇനത്തിൽ ഖാദി ഉല്പാദക സ്ഥാപനങ്ങൾക്ക് എന്തു തുക കൊടുക്കുവാനുണ്ട് ;

ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) 31-3-2003 വരെ 112.41 ലക്ഷം രൂപ കിട്ടാനുണ്ട്.

(ബി) 31-3-2003 വരെ 721.54 ലക്ഷം രൂപ കുടിശ്ശിക ഇനത്തിൽ സർക്കാർ കൊടുക്കാനുണ്ട്.

ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ പോസ്റ്റ് ഗ്രാഡുവേറ്റ് പഠനത്തിന് സൗകര്യം

15 (*165) ശ്രീ. പി. ടി. തോമസ് :
ശ്രീ. ഡി. സുഗതൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ പോസ്റ്റ് ഗ്രാഡുവേറ്റ് പഠനത്തിന് സൗകര്യമില്ലാത്ത ഏതെങ്കിലും കോളേജുകളുണ്ടോ ; ഉണ്ടെങ്കിൽ ഏതു മെഡിക്കൽ കോളേജിലാണ് ഈ സൗകര്യം നിലവിലില്ലാത്തതെന്നു പറയുമോ ;

(ബി) പോസ്റ്റ്ഗ്രാഡുവേറ്റ് പഠന സൗകര്യമുള്ള മെഡിക്കൽ കോളേജുകളിൽ ഏതെല്ലാം കോഴ്സുകളിലാണ് പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾ നടത്തുന്നതെന്ന് പറയുമോ ;

(സി) ന്യൂക്ലിയർ മെഡിസിൻ, സ്പോർട്ട്സ് മെഡിസിൻ എന്നിവയിൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സ് ഇപ്പോൾ നടത്തുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ വിഷയങ്ങളിൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾ തുടങ്ങുവാൻ നടപടി കൈക്കൊള്ളുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) 22-ഓളം പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾക്കാണ് വിവിധ മെഡിക്കൽ കോളേജുകളിലായി ഇപ്പോൾ പഠന സൗകര്യം നിലവിലുള്ളത്. തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ വളരെ കുറച്ച് കോഴ്സുകൾക്കുമാത്രമേ പഠനസൗകര്യമുള്ളൂ. മറ്റ് മെഡിക്കൽ കോളേജുകളായ കോഴിക്കോട് തിരുവനന്തപുരം, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ മിക്കവാറും എല്ലാ കോഴ്സുകളും നടത്തുന്നുണ്ട്.

(ബി) അനസ്തേഷ്യ, ബയോകെമിസ്ട്രി, ഫോറൻസിക് മെഡിസിൻ, ഡെർമറ്റോളജി, വീനീറിയോളജി ആന്റ് ലെപ്രസി, ജനറൽ മെഡിസിൻ, മൈക്രോബയോളജി, ഓബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി, പത്തോളജി, ഫാർമക്കോളജി, ഫിസിയോളജി, ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ, പീഡിയാട്രിക്സ്, സൈക്കിയാട്രി, റേഡിയോ തെറാപ്പി, റേഡിയോ

LIBRARY ARCHIVES Kerala Legislative Assembly

ഡയഗ്നോസിസ്, കമ്മ്യൂണിറ്റി മെഡിസിൻ, ടി.ബി. ആന്റ് റെസ്പിറേറ്ററി മെഡിസിൻ, അനാട്ടമി, ഇ.എൻ.ടി. ജനറൽ സർജറി, ഓഫ്താൽമോളജി, ഓർത്തോപീഡിക്സ് എന്നീ പി. ജി. ഡിഗ്രി കോഴ്സുകളും ഇതുപോലുള്ള 14 വിഷയങ്ങളിൽ പി.ജി.ഡിപ്ലോമ കോഴ്സുകളുമാണ് നടത്തുന്നത്.

(സി) നടത്തുന്നില്ല.

(ഡി) നിലവിലുള്ള പല കോഴ്സുകൾ നടത്തുന്നതിനുള്ള അദ്ധ്യാപകരുടെ പരിഹരിച്ചിട്ടു മാത്രമേ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളു.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി

16 (*166) ശ്രീ. പി. നാരായണൻ :
ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയിലൂടെ ലഭിക്കുന്ന പരിരക്ഷകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എപ്പോൾമുതൽ ലഭിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്കവിധമുള്ള പദ്ധതിയാണ്. ശരാശരി അഞ്ച് അംഗങ്ങളുള്ള കുടുംബത്തിന് പ്രതിവർഷം 20,000 രൂപ ആശുപത്രിയിലെ ചികിത്സാ ചെലവായി ലഭിക്കും. മരുന്നിന്റെ വില ഇൻഷ്വറൻസ് കമ്പനി സർക്കാശുപത്രിയിലെ മരുന്നു സ്റ്റോറുകൾക്ക് നേരിട്ടു നൽകുന്നു. രോഗ പരിശോധനയ്ക്ക് സർക്കാർ ആശുപത്രിയിലെ ലബോറട്ടറിയിൽ ചെലവാകുന്ന തുക സർക്കാർ അംഗീകരിച്ച നിരക്കിൽ രോഗിക്ക് തിരിച്ചു നൽകും മരുന്നും രോഗപരിശോധനയും ആശുപത്രിക്ക് പുറത്തുനിന്നാണ് സ്വീകരിക്കുന്നതെങ്കിൽ ഇൻഷ്വറൻസ് കമ്പനി നേരിട്ട് ആ തുക അതത് സ്ഥാപനങ്ങൾക്ക് നൽകും ഗുരുതരമായ പരിക്കോ, അസുഖമോ പ്രസവസംബന്ധമായ അസുഖമോ മൂലം വിദഗ്ദ്ധ ചികിത്സക്ക് ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനുള്ള യാത്രാചെലവ് പരമാവധി 500 രൂപ വരെ നൽകുന്നതാണ്. രോഗി ആശുപത്രിയിൽ എത്തിയശേഷം രോഗിയെ കൊണ്ടുവരുന്നയാളിന് ഈ തുക നൽകുന്നതാണ്. മൃതദേഹം കൊണ്ടു പോകുന്നതിന് പരമാവധി 1000 രൂപ വരെ യാത്രാചെലവ് നൽകുന്നതാണ്. തീരാവ്യാധി പിടിപെട്ട് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന രോഗികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly